പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3006 29-10-2026-ൽ മറുപടിയ്ക്ക്

എസ്.എസ്.കെ. പദ്ധതിയുടെ കേന്ദ്രവിഹിതം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. വിൻസെന്റ്

ശ്രീ. ടോണി ചമ്മണി

ശ്രീ. വി. എസ്. ജോയി

ശ്രീ. കെ. നീലകണ്ഠൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ.)പദ്ധതിയുടെ ഭാഗമായി കേരളത്തിന് കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക തുക എത്രയാണെന്ന വിശദമാക്കുമോ; പി.എം. ശ്രീ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകളുടെ പേരിൽ കേരളത്തിന് അർഹമായ എസ്.എസ്.കെ. കേന്ദ്രവിഹിതം തടഞ്ഞുവയ്ക്കുന്നത് കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിലെ ഫെഡറൽ തത്വങ്ങൾക്കും വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ഉറപ്പാക്കുന്ന നിയമവ്യവസ്ഥകൾക്കും വിരുദ്ധമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദമാക്കാമോ;

മറുപടി: സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ.) പദ്ധതിയുടെ ഭാഗമായി കേരളത്തിന് കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.

പി.എം ശ്രീ എന്ന മറ്റൊരു കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാത്തതു കാരണം വർഷങ്ങൾക്ക് മുൻപ് ആരംഭിച്ച പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്രശിക്ഷാ കേരളം പദ്ധതിയുടെ കേന്ദ്രവിഹിതം തടഞ്ഞു വയ്ക്കുന്നത് എസ്.എസ്.കെ.യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് തടസ്സം നേരിട്ടിരിക്കുകയാണ്.

(ബി) കേന്ദ്രവിഹിതം ലഭിക്കുന്നതിലെ കാലതാമസം പൊതുവിദ്യാലയങ്ങളിലെ അധ്യാപകരുടെ വേതനം, വിദ്യാർഥികൾക്കുള്ള സൗജന്യ പാഠപുസ്തകങ്ങൾ, യൂണിഫോമുകൾ, പഠനപിന്തുണാ പ്രവർത്തനങ്ങൾ, ഭിന്നശേഷി വിദ്യാർഥികൾക്കുള്ള സഹായങ്ങൾ എന്നിവയെ ബാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

മറുപടി: പൊതുവിദ്യാലയങ്ങളിലെ അധ്യാപകരുടെ വേതനം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നോൺ പ്ലാൻ ഫണ്ടിൽ നിന്നാണ് നൽകി വരുന്നത്. SSK യിലെ ഉദ്യോഗസ്ഥർ, സ്പെഷ്യലിസ്റ്റ് അധ്യാപകർ, സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ എന്നിവർക്കുള്ള വേതനം സംസ്ഥാന വിഹിതത്തിൽ നിന്നും നൽകുന്നതിനാൽ തടസ്സം ഉണ്ടായിട്ടില്ല. എന്നാൽ സൗജന്യ പാഠപുസ്തകങ്ങൾ, യൂണിഫോം എന്നിവ കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഇതിനുള്ള തുക ബന്ധപ്പെട്ട ഏജൻസികൾക്കു നൽകാനുണ്ട്. പഠനപിന്തുണാ പ്രവർത്തനങ്ങൾ, ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്കുള്ള വിവിധ

ആനുകൂല്യങ്ങൾ, സഹായ ഉപകരണങ്ങൾ, മെഡിക്കൽ ക്യാമ്പ്, നൃതനാശയ പ്രവർത്തനങ്ങൾ, ഡയറ്റുകളുടെ പ്രവർത്തനങ്ങൾ, 7 ഹോസ്റ്റലുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ, പ്രീ-സ്കൂൾ വിദ്യാഭ്യാസം, നിർമ്മാണ പ്രവർത്തനങ്ങൾ, രക്ഷാകർതൃപരിശീലനം, സ്കിൽ ഡെവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനങ്ങൾ, അടിസ്ഥാന ഭാഷാ - ഗണിത ശേഷികൾ ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ, സ്കൂൾ ഗ്രാന്റ് വിതരണം, സ്കൂൾ ലൈബ്രറി ഗ്രാന്റ്, സ്പോർട്സ് ഗ്രാന്റ്, അധ്യാപക വിദ്യാഭ്യാസം, അധ്യാപക പരിശീലനം, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം, തെറാപ്പി സേവനങ്ങൾ, പെൺകുട്ടികളുടെ വിദ്യാഭ്യാസം, പി.എം.ജൻമൻ, ഡി.എ ജുഗ ഹോസ്റ്റൽ നിർമ്മാണം, വർണ്ണക്കൂടാരം പദ്ധതി, ഡയറ്റ് ഓഫ് എക്സലൻസ് തുടങ്ങി നിരവധി പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയെ സാമ്പത്തിക പ്രതിസന്ധിയിലാക്കുന്ന കേന്ദ്ര സർക്കാരിന്റെ ഫണ്ട് തടഞ്ഞുവയ്ക്കൽ ഒഴിവാക്കി കുടിശ്ശിക മുഴുവൻ അടിയന്തരമായി ലഭ്യമാക്കുന്നതിനും വിദ്യാഭ്യാസ പദ്ധതികൾ തടസ്സമില്ലാതെ നടപ്പാക്കുന്നതിനും സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുമോ?

<u>മറുപടി:</u> പി.എം.ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാത്തതിനാൽ സമഗ്രശിക്ഷാ കേരളം പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് നിലവിൽ കേന്ദ്ര ഫണ്ട് തടഞ്ഞിരിക്കുകയാണ്. മുൻ സർക്കാർ പി.എം.ശ്രീ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ധാരണാ പത്രം ഒപ്പിടുകയും പിന്നീട് അതുപ്രകാരമുള്ള പ്രവർത്തനങ്ങൾ താൽക്കാലികമായി നീട്ടി വെയ്ക്കുന്നതിന് കത്ത് നൽകുകയും ചെയ്ത സാഹചര്യത്തിൽ കേന്ദ്ര ഫണ്ട് ലഭിക്കുന്നതിനെക്കുറിച്ചും പി.എം.ശ്രീ പദ്ധതിയുടെ എല്ലാ വശങ്ങളെയും സംബന്ധിച്ചും ധാരണാപത്രത്തിൽ ഒപ്പിട്ടതു കൊണ്ടുണ്ടായ സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ചും വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

(തുക കോടിയിൽ)

ക്രമ നം.	പദ്ധതി	വർഷം	അംഗീകരിച്ച അടങ്കൽ തുക	ആനുപാതിക കേന്ദ്ര വിഹിതം (60%)	ലഭിച്ച കേന്ദ്ര വിഹിതം	കേന്ദ്ര വിഹിതം ലഭിക്കാനുള്ളത്
1	SSK	2023-24	702.72	421.63	141.06	280.57
2	SSK	2024-25	855.90	513.54	0	513.54
3	SSK	2025-26	761.08	456.65	99.27	357.38
4	SSK	2026-27	722.79	433.67	0	433.67
5	PM JANMAN	2023-24 2024-25	10.33	6.198	0.60	5.598
6	DIETs of Excellence	2023-24	21.44	12.864	0	12.864
7	DA JGUA	2024-25	5.95	3.57	0	03.57
	Total		**3080.21**	**1848.12**	**240.93**	**1607.192**

2023-24 മുതൽ 2025-26 വരെ ആർ.ടി.ഇ. ആക്ട് പ്രകാരമുള്ള ഇനങ്ങളിൽ റീ- ഇംബേഴ്സ്മെന്റായി സംസ്ഥാനത്തിന് ലഭിക്കാനുള്ള 106.58 കോടി രൂപ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. ഈ തുക നാളിതു വരെ ലഭിച്ചിട്ടില്ല.